ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. **DTETVM/5671/2024-EA2 (EA)** തീയതി: **11-12-2024**

## പരിപത്രം

വിഷയം:- വിദ്യാഭ്യാസം –സാങ്കേതികം- മാലിന്യ മുക്തം നവകേരളം കാമ്പയിൻ ഉന്നതവിദ്യാഭ്യാസ വകുപ്പിൻ്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാരിൽ നിന്നുള്ള കത്ത് നമ്പർ: **K3/203/2024-HEDN** തീയതി: **29.11.2024**

സൂചനയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവസ്ഥാ വിലയിരുത്തൽ (ഗ്യാപ്പ് അസ്സസ്മെന്റ്) നടത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും തീരുമാനിച്ചിട്ടുണ്ട്. ആയതിൻ്റെ ആദ്യ ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ യൂണിവേഴ്സിറ്റി ക്യാമ്പസുകളിലും, സർക്കാർ-എയ്ഡഡ് കോളേജുകളിലും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ടെക്നിക്കൽ സ്കൂളുകളിലും ഗ്യാപ്പ് അസ്സസ്മെന്റ് നടത്തേണ്ടതാണ്.
സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങളുടെ അവസ്ഥാ പഠനം നടത്തുന്നതിനായി ഓരോ കോളേജിൽ നിന്നും ഒരു നോഡൽ ഓഫീസറെയും **5** മുതൽ **10** വരെ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടീമുകളെയും തെരഞ്ഞെടുത്തിട്ടുണ്ട്. വിവര ശേഖരണ പ്രക്രിയയുടെ ഭാഗമാകുന്ന വിദ്യാർത്ഥികൾ ശുചിത്വ മിഷൻ ഇന്റേൺഷിപ്പിൻ്റെ ഭാഗമായിരിക്കും. വിവര ശേഖരണ വേളയിൽ സംശയ നിവാരണത്തിനായി ശുചിത്വ മിഷനിൽ നിന്നുമുള്ള **Resource Persona (RP)/Young Personal (YP)** എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രദേശത്തെയും പ്രസ്തുത **RP/YP** യുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഡാറ്റാ ശേഖരണം, ചോദ്യാവലി, വിവര ശേഖരണ ഫോറം, ഇൻ്റേൺഷിപ്പ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഡാറ്റ ശേഖരണം എങ്ങനെ?</u>

**1.** ഗൂഗിൾ ഫോം വഴിയാണ് ഡാറ്റ ശേഖരണം നടക്കുന്നത്. നിലവിൽ **4** തരത്തിലാണ് ചോദ്യാവലി തയ്യാറാക്കിയിട്ടുള്ളത് .

**2.** വകുപ്പിന് കീഴിലെ അതാത് സ്ഥാപനങ്ങളിലാണ് (കോളേജുകൾ/ഉന്നത വിദ്യാഭ്യാ

സ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ) വിവര ശേഖരണം നടത്തുന്നത് ( സ്ഥാപന നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത വിദ്യാർഥികൾ ഉ ൾപ്പെട്ട ടീം മുഖേന).

3. ഡാറ്റ ശേഖരണ വേളയിൽ കോളേജ്/ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകൾ എന്നിവ സംശയ നിവാരണത്തിനായി ഓരോ ജില്ലയിൽ നിന്നും ചുമതല പ്പെടുത്തിയിട്ടുള്ള RP/YP എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

4. ഓരോ ഫോമുകളുടെയും പ്രിവ്യൂ വായിച്ച് മനസിലാക്കിയതിനു ശേഷം മാത്രം ഫോമുകൾ പൂരിപ്പിക്കുക.

5. ഓരോ ഫോമുകളുടെയും ഉള്ളടക്കം ചുവടെ ചേർക്കുന്നു

♦ <u>സ്ഥാപനത്തിൻ്റെ അടിസ്ഥാന വിവരങ്ങൾ</u>

• സ്ഥാപനത്തിൻ്റെ അടിസ്ഥാന വിവരങ്ങൾ - പേര്, സ്ഥിതി ചെയ്യുന്ന ജില്ല, തദ്ദ േശ സ്ഥാപനത്തിന്റെ തരം, തദ്ദേശ സ്ഥാപനത്തിൻ്റെ പേര്, സ്ഥാപന അധികാ രിയുടെ പേര്, മറ്റ് വിശദാംശങ്ങൾ, സ്ഥാപനത്തിലെ അംഗങ്ങളുടെ എണ്ണം.

♦ <u>സ്ഥാപനത്തിലെ ജൈവമാലിന്യം കൈകാര്യം ചെയ്യുന്ന രീതി</u>

. ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാങ്ങളെ പറ്റിയുള്ള വിശദാംശങ്ങൾ.

• സ്ഥാപനത്തിലെ അജൈവമാലിന്യം കൈകാര്യം ചെയ്യുന്ന രീതി

. അജൈവ മാലിന്യം ഏതൊക്കെ തരത്തിലാണ് സ്ഥാപനം കൈകാര്യം ചെയ്യുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ.

• സ്ഥാപനത്തിലെ ഇ-മാലിന്യം കൈകാര്യം ചെയ്യുന്ന രീതി

• സ്ഥാപനത്തിലെ അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്ന രീതി

• സ്ഥാപനത്തിലെ സാനിറ്ററി മാലിന്യം കൈകാര്യം ചെയ്യുന്ന രീതി

• സ്ഥാപനത്തിലെ C & D മാലിന്യം കൈകാര്യം ചെയ്യുന്ന രീതി

• സ്ഥാപനത്തിലെ ശൗചാലയ സംവിധാനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ

• സ്ഥാപനത്തിലെ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിവരങ്ങൾ

• ലബോറട്ടറികളുള്ള സ്ഥാപനങ്ങളിലെ കെമിക്കൽ അടങ്ങിയ മലിനജലം കൈകാര ്യം ചെയ്യുന്ന രീതി

• സ്ഥാപനത്തിലെ പൊതുവായ ശുചിത്വം സംബന്ധിച്ച്

6. പ്രസ്തുത ഫെസിലിറ്റി അസ്സസ്മെന്റിൽ ഭാഗമാകുന്ന വിദ്യാർത്ഥികൾ ഈ കാല യളവിൽ ജില്ലാ ശുചിത്വ മിഷന്റെ ഇന്റേൺഷിപ്പ് ഭാഗമായിരിക്കും.

<u>ചോദ്യാവലി -തരം</u>

ചോദ്യാവലിയിൽ 2 തരം ഫോമുകളാണ് തയ്യാറാക്കിയിട്ടുള്ളത് .

i. കോളേജിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിവര ശേഖരണ ഫോറം

• കോളേജിനായി നൽകിയിട്ടുള്ള ഫോമിൽ എല്ലാ പഠന വിഭാഗങ്ങളുടേയും, അല്ലാ ത്തവയുടെയും വിവരങ്ങൾ ഒന്നിച്ച ശേഖരിച്ച് രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ട താണ്.

• കോളേജിലെ ആകെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിവരശേഖരണമാ ണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

ii. കോളേജ് ഹോസ്റ്റലിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിവര ശേഖര

ണ ഫോറം

• യൂണിവേഴ്സിറ്റി ക്യാമ്പ്സുകളിലും, കോളേജ് കാമ്പുസുകളിലും പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്കും, ക്യാമ്പസ്സിന് പുറത്തു പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി/കോളേജ് അധികാരത്തിലുള്ള ഹോസ്റ്റലുകൾക്കും ഈ ഫോം ബാധകമാണ് .

• ഓരോ ഹോസ്റ്റലുകളും പ്രത്യേകം ഫോം പ്രത്യേകം മെയിൽ ID ഉപയോഗിച്ച് പൂരിപ്പിക്കേണ്ടതാണ്.

<u>ഇന്റേൺഷിപ്പ് എങ്ങനെ ?</u>

1. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും നടക്കുന്ന ഫെസിലിറ്റി അസ്സസ്മെന്റിന്റെ ഭാഗമാകുന്ന വിദ്യാർത്ഥികൾക്കാണ് ഇൻ്റേൺഷിപ്പിന് അവസരം.

2. 2 ഘട്ടങ്ങളിലായാണ് ഇൻ്റേൺഷിപ്പ് പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നത്

3. ആദ്യഘട്ടത്തിലും രണ്ടാം ഘട്ടത്തിലും നിലവിൽ ഓരോ കോളേജ്/യൂണിവേഴ്സിറ്റി നിർദ്ദേശിച്ച് നൽകിയിട്ടുള്ള വിദ്യാർത്ഥികൾക്കാണ് ഇൻ്റേൺഷിപ്പിന് അവസരം.

4. ആദ്യഘട്ട പ്രവർത്തനങ്ങൾ : നൽകിയിട്ടുള്ള ഗൂഗിൾ ഫോമിൽ ഉൾപ്പെടുത്തിയ ചോദ്യാവലി കൃത്യമായി നിരീക്ഷിച്ച് രേഖപ്പെടുത്തി നിശ്ചയിച്ച കാലയളവിൽ തന്നെ വിവര ശേഖരണം പൂർത്തിയാക്കേണ്ടതാണ്.

5. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ : ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ നടന്ന വിവര ശേഖരണത്തിലൂടെ കണ്ടെത്തിയ വിടവുകൾ കൃത്യമായി രേഖപ്പെടുത്തുകയും ആയതിൻ മേൽ വിദ്യാർത്ഥികളും, ചുമതലയുള്ള അധ്യാപകരും ചേർന്ന് ചർച്ച നടത്തേണ്ടതാണ്. ഓരോ വിടവും ഏതൊക്കെ തരത്തിൽ പരിഹരിക്കാൻ സാധിക്കും, കോളേജ്/യൂണിവേഴ്സിറ്റിയുടെ നിലവിലെ സാഹചര്യത്തിനനുസരിച്ച് ഏതൊക്കെ തരത്തിലെ സംവിധാനങ്ങൾ കൊണ്ടുവരാൻ സാധിക്കും എന്നതും ചർച്ച ചെയ്യേണ്ടതാണ്. ചർച്ചയിൽ സാങ്കേതിക സഹായത്തിനായി തദ്ദേശ സ്ഥാപന തലത്തിലെ ശുചിത്വ മിഷൻ RP/YP എന്നിവരെ ഭാഗമാക്കേണ്ടതാണ്.

6. വിദ്യാർത്ഥികളുടെ കഴിവ്/സാധ്യത എന്നിവ കണക്കാക്കി കോളേജ് യൂണിവേഴ്സിറ്റികളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ആയത് പ്രോജക്ടുകളുടെ ഭാഗമാക്കാവുന്നതുമാണ്.

7. നൂതന ആശയങ്ങളിൽ ഉണ്ടായേക്കാവുന്ന സാങ്കേതികമായ സംശയങ്ങൾ നികത്തുന്നതിനായി ശുചിത്വ മിഷനെ ബന്ധപ്പെടാവുന്നതാണ്.

8. ഇത്തരത്തിൽ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന റിപ്പോർട്ട് കോളേജുകൾക്ക്/ യൂണിവേഴ്സിറ്റിക്ക് കൈമാറുക. കോളേജ്/ യൂണിവേഴ്സിറ്റിയിൽ നിന്നും തദ്ദേശ സ്ഥാപനത്തിനും, ജില്ലാ ശുചിത്വ മിഷനും നൽകേണ്ടതാണ്.

9. കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ശുചിത്വ മിഷനിൽ നിന്നും പ്രസ്തുത കാലയളവിലേക്ക് ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതാണ്.

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ/ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും (THS ഉൾപ്പെടെ) ചുവടെ ചേർത്തിട്ടുള്ള ചോദ്യാവലിയുടെ google

**form link** മേൽ സൂചിപ്പിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പൂരിപ്പിച്ച് **17/12/2024-** നുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

**കോളേജ് ക്യാമ്പസുകൾക്കുള്ള ചോദ്യാവലി**

**https://docs.google.com/forms/d/e/1FAIpQLScD7IJBk_OqgdbnkMlHB-Lyr1Qykn7B_UcUFmRkXUSPtSlv7A/viewform**

**കോളേജിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് വേണ്ടിയുള്ള ചോദ്യാവലി**

**https://docs.google.com/forms/d/e/1FAIpQLSeGuPMBUtUltkzcxB3CFm_qlN53166 AulyTMQUqcidNMgWWjQ/viewform?usp=sf_link**

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 11-12-2024 18:00:12